# പാറമ്മൽ എ. എം. എൽ. പി സ്കൂൾ അനന്തായൂർ - അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## ആമുഖം

**പാറമ്മൽ എ.എം.എൽ.പി സ്കൂളിന്റെ സമഗ്രമായ വികസനം ലക്ഷ്യമിട്ടുള്ള ഒരു അക്കാദമിക് രൂപരേഖയാണ് ഈ മാസ്റ്റർ പ്ലാൻ. 2025-26 അധ്യയന വർഷത്തിൽ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനും, പഠനാനുഭവങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും, അക്കാദമിക് രംഗത്ത് പുതിയ ഉണർവ് നൽകുന്നതിനും ഈ പ്ലാൻ സഹായകമാകും.**

## ലക്ഷ്യങ്ങൾ

ഈ അധ്യയന വർഷം താഴെ പറയുന്ന മൂന്ന് പ്രധാന മേഖലകളിലാണ് സ്കൂൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്:

1) **അടിസ്ഥാനശേഷി വികസനം**: എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ വായിക്കാനും എഴുതാനും, ഗണിതത്തിൽ അടിസ്ഥാനപരമായ കണക്കുകൂട്ടലുകൾ ചെയ്യാനും സാധിക്കുന്നുവെന്ന് ഉറപ്പാക്കുക.
2) **സാങ്കേതികവിദ്യയുടെ ഉപയോഗം**: വിവരസാങ്കേതികവിദ്യ (IT) പഠനത്തിന്റെ ഭാഗമാക്കുകയും, ഡിജിറ്റൽ പഠനരീതികൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
3) **കലാ-കായിക ശേഷി വികസനം**: പഠനത്തോടൊപ്പം കുട്ടികളുടെ സർഗ്ഗാത്മകവും ശാരീരികവുമായ കഴിവുകൾ പരിപോഷിപ്പിക്കുക.

ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾ ഈ അധ്യയന വർഷം നടപ്പിലാക്കും.

# പ്രവർത്തന രൂപരേഖ (Action Plan)

## നടപ്പിലാക്കുന്നതിനുള്ള ഘട്ടങ്ങൾ (Implementation Plan 2025-26)

| മാസം | പ്രവർത്തനങ്ങൾ | പ്രധാന മേഖല |
|---|---|---|
| ജൂൺ 2025 | ◆ അധ്യയന വർഷത്തിന്റെ ആരംഭം<br>◆ അടിസ്ഥാനശേഷി അളവെടുപ്പ് (വായനയും ഗണിതവും – പ്രാഥമിക ടെസ്റ്റ്)<br>◆ 'വായനാ വർഷം' ഔപചാരികമായി ആരംഭിക്കുക<br>◆ ക്ലാസ്സ്റൂം വായനാമൂല ഒരുക്കൽ ആരംഭിക്കുക<br>◆ ക്ലബ്ബുകൾ രൂപീകരിക്കൽ | ◆ അടിസ്ഥാനശേഷി വികസനം<br>◆ അടിസ്ഥാനശേഷി വികസനം<br>◆ അടിസ്ഥാനശേഷി വികസനം<br>◆ സാങ്കേതികവിദ്യ, കലാ-കായികം |
| ജൂലൈ 2025 | ◆ ഗണിത ലാബ് പ്രവർത്തനം ആരംഭിക്കുക | ◆ അടിസ്ഥാനശേഷി, സാങ്കേതികവിദ്യ, കലാ-കായികം |

| | | |
|---|---|---|
| | ◆ ദിവസേന 15 മിനിറ്റ് വായനാ സമയം ഉറപ്പാക്കുക<br>◆ ആദ്യ മാസ കലാ-കായിക.ഐ.ടി ക്ലബ് പ്രവർത്തനം ആരംഭിക്കുക | |
| ഓഗസ്റ്റ് 2025 | ◆ ഡിജിറ്റൽ ക്ലാസ് പ്രവർത്തനം ശക്തിപ്പെടുത്തുക<br>◆ രക്ഷിതാക്കൾക്കായി “ടെക്നോളജി ഉപയോഗം” ശില്പശാല സംഘടിപ്പിക്കുക<br>◆ ശാസ്ത്ര ക്ലബ്ബ് പ്രവർത്തനങ്ങൾ ആരംഭിക്കുക<br>◆ കായികമത്സരം | ◆ സാങ്കേതികവിദ്യ, കലാ-കായികം |
| സെപ്റ്റംബർ 2025 | ◆ വായനാ വിലയിരുത്തൽ (മധ്യഘട്ടം)<br>◆ ഗണിത പ്രവർത്തനമേള (Math Day)<br>◆ ഓൺലൈൻ ലൈബ്രറി സേവനം തുടങ്ങുക | ◆ അടിസ്ഥാനശേഷി<br>◆ അടിസ്ഥാനശേഷി<br>◆ സാങ്കേതികവിദ്യ |
| ഒക്ടോബർ 2025 | ◆ പഠനയാത്ര(അടുത്ത | |

| | | |
|---|---|---|
| | ള്ള വിദ്യാഭ്യാസ / ചരിത്രസ്ഥലങ്ങൾ)<br>◆ കലാമത്സരം (പാട്ട്, കഥാവായനം)<br>◆ IT ക്ലബ്ബ് പ്രദർശനം (Basic Typing, Drawing etc.)<br>◆ ശാസ്ത്രമേള (Science Exhibition) | ◆ കലാ-കായികം<br>◆ സാങ്കേതികവിദ്യ<br>◆ ശാസ്ത്രം |
| നവംബർ 2025 | ◆ രണ്ടാം ഘട്ട ഗണിത വിലയിരുത്തൽ<br>◆ ഡിജിറ്റൽ പഠന പ്രദർശനം (Smart Class Demo for all students)<br>◆ കായിക മത്സരം (മിനി സ്പോർട്സ് മീറ്റ്) | ◆ അടിസ്ഥാനശേഷി<br>◆ സാങ്കേതികവിദ്യ<br>◆ കായികം |
| ഡിസംബർ 2025 | ◆ വായനാമേള (Reading Festival / Book Week)<br>◆ ഐ.ടി പരിശീലന സെഷൻ<br>◆ വിദ്യാർത്ഥികൾക്കായി കലാമത്സരം (ചിത്രരചന, നൃത്തം) | ◆ അടിസ്ഥാനശേഷി<br>◆ സാങ്കേതികവിദ്യ<br>◆ കലാ-കായികം |
| ജനുവരി 2026 | ◆ മധ്യവർഷ അവലോകനം(Review Meeting) | ◆ വിലയിരുത്തൽ |

| | | |
|---|---|---|
| | ◆ രക്ഷിതാക്കൾക്കായുള്ള ഫീഡ്ബാക്ക് സെഷൻ | |
| ഫെബ്രുവരി 2026 | ◆ വായനയും ഗണിതവും അന്തിമ വിലയിരുത്തൽ<br>◆ കലാ-കായിക മേളയ്ക്കുള്ള തയ്യാറെടുപ്പ്<br>◆ ക്ലബ് പ്രവർത്തനങ്ങളുടെ സമാപന ചടങ്ങ് | എല്ലാ മേഖലകളും |
| | ◆ വാർഷിക കലാമേള<br>◆ കുട്ടികളുടെ പ്രകടനങ്ങൾ വിലയിരുത്തൽ & പുരസ്കാരദാനം<br>◆ വർഷാന്ത്യ വിലയിരുത്തൽ & റിപ്പോർട്ട് തയ്യാറാക്കൽ<br>◆ കലാ-കായികം, വിലയിരുത്തൽ | ◆ കലാ-കായികം, വിലയിരുത്തൽ |